Draft #2 of File 9620/AD C3/1/2019/ADMIN Approved by ASSISTANT REGISTRAR IV (ADMIN) on 05-Sep-2019 02:56 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 2016-ൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിച്ച 11 അസിസ്റ്റന്റുമാരുടെ പരിവീക്ഷാകാല പൂർത്തീകരണ പ്രഖ്യാപനം അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം സി 3 സെക്ഷൻ**

നമ്പർ. 4284/AD C 3/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 05.09.2019

---

പരാമർശം:-1. പി.എസ്.സി. വഴി നിയമനം ലഭിച്ച 11 അസിസ്റ്റന്റുമാർ പരിവീക്ഷാകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ

2. 21.11.2018 തീയതിയിലെ സ. ഉ. നം. 8194/സിIII/3/2018/ഭരണവിഭാഗം

3. 12.04.2019 തീയതിയിലെ സ. ഉ. നം. 1602/AD C 3 /2019/എം.ജി.യു

4. 19.08.2019 തീയതിയിലെ സ. ഉ. നം. 3976/AD A 1/2019/എം.ജി.യു.

5. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 05.09.2016, 29.09.2016 എന്നീ തീയതികളിലെ കത്ത് നം. RIB[2]11836/16/GW

6. 24.10.2016 തീയതിയിലെ സ.ഉ.നം. 5592 /AI/1/2016/Admn

7. സർക്കാർ ഉത്തരവ് (അച്ചടി) നം. 7/2019/ഉ.വി.വ. തീയതി, 26.02.2019

8. 26.07.2018 തീയതിയിലെ വിജ്ഞാപനം നം. Ac.L/1/1202/ SA/2018 പ്രകാരം ഭേദഗതി വരുത്തിയ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം IV, ഭാഗം II, സ്റ്റാറ്റ്യൂട്ട് 10(1)

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന 2016-ൽ നിയമനം ലഭിച്ച താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന 11 അസിസ്റ്റന്റുമാർ തങ്ങളുടെ പരിവീക്ഷാകാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. പരാമർശം (2) പ്രകാരം ടിയാളുകളുടെ പരിവീക്ഷാകാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവായിരുന്നു. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിശോധന പൂർത്തിയാക്കി നിയമനം ക്രമപ്പെടുത്തിയതിനു ശേഷമേ പരിവീക്ഷാകാല പൂർത്തീകരണ പ്രഖ്യാപനം നടത്തുവാൻ പാടുള്ളൂവെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദ് ചെയ്തിരുന്നു.

പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും പി.എസ്.സി. വെരിഫിക്കേഷൻ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ, പരാമർശം (4) പ്രകാരം, പ്രസ്തുത ജീവനക്കാരുടെ നിയമനം അവർ അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ക്രമപ്പെടുത്തിക്കൊണ്ട് വൈസ്-ചാൻസിലർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഉത്തരവായിരിക്കുന്നു.

പരാമർശം (5), (6) എന്നിവ പ്രകാരം ജോലിയിൽ പ്രവേശിച്ച ടി. അസിസ്റ്റന്റുമാർ തങ്ങളുടെ പരിവീക്ഷാകാലയളവിൽ തന്നെ പരാമർശം (7) പ്രകാരമുള്ള നിർബന്ധിത വകുപ്പുതല പരീക്ഷയായ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ വിജയിച്ചിട്ടുണ്ട്. പരിവീക്ഷാകാലയളവിൽ ടിയാളുകൾ പണിമുടക്കുകളിൽ പങ്കെടുക്കുകയോ ആകസ്മിക അവധികളല്ലാതെ പരിവീക്ഷാകാലം ദീർഘിക്കുന്ന അവധികളൊന്നും തന്നെ പ്രയോജനപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത കാലയളവിൽ ടി. ജീവനക്കാരുടെ സ്വഭാവവും പ്രവർത്തനവും തൃപ്തികരമായിരുന്നുവെന്ന് ബന്ധപ്പെട്ട മേലധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

പ്രസ്തുത ജീവനക്കാർ പ്രൊബേഷൻ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിച്ച്, പരാമർശം (8) പ്രകാരം, 3 വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ 2 വർഷത്തെ സേവനകാലം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആയത് പരിഗണിച്ച്, ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ 11 ജീവനക്കാരുടെ അസിസ്റ്റന്റ് തസ്തികയിലെ പരിവീക്ഷാകാലം ടിയാളുകളുടെ പേരിനു നേർക്ക് കാണിച്ചിരിക്കുന്ന തീയതി മുതൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് രജിസ്ട്രാർ (i/c) ഉത്തരവായിരിക്കുന്നു.

| ക്രമ. നം | അസിസ്റ്റന്റിന്റെ പേര്/പി.എഫ്.നം | സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ച തീയതി | സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ പാസ്സായ തീയതി | രണ്ടു വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയ തീയതി | പരിവീക്ഷാ കാല പൂർത്തീകരണ പ്രഖ്യാപന തീയതി |
|---|---|---|---|---|---|
| 1. | മുഹമ്മദ് റാഫി എം.(3184) | 22.09.2016 FN | ജൂലൈ 2017 | 21.09.2018 AN | 22.09.2018 FN |
| 2. | ദിവ്യ ദാസ് (3177) | 23.09.2016 FN | ജനുവരി 2017 | 22.09.2018 AN | 23.09.2018 FN |
| 3. | മനു ജി. (3182) | 23.09.2016 FN | ജനുവരി 2017 | 22.09.2018 AN | 23.09.2018 FN |
| 4. | സിജി വി. എ. വലിയപറമ്പിൽ(3153) | 24.09.2016 FN | ജനുവരി 2017 | 23.09.2018 AN | 24.09.2018 FN |
| 5. | ഗീതു എസ്. (3173) | 26.09.2016 FN | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 6. | ജിതിൻ സച്ചിദാനന്ദൻ (3141) | 26.09.2016 FN | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം
Draft #2 of File 9620/AD C3/1/2019/ADMIN Approved by ASSISTANT REGISTRAR IV (ADMIN) on 05-Sep-2019 02:56 PM - Page 2

| | | | | | |
|---|---|---|---|---|---|
| 7. | മുഹമ്മദ് ഷിബിൻ എ.എൽ. (3192) | 26.09.2016 FN | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 8. | സിന്ധു സി. (3157) | 26.09.2016 FN | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 9. | ശരത് എസ്. (3155) | 26.09.2016 FN | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 10. | വീണ എസ്. (3197) | 26.09.2016 FN | ജനുവരി 2017 | 25.09.2018 AN | 26.09.2018 FN |
| 11. | ശംഭുദേവ് പി.എസ്.(3205) | 30.09.2016 FN | ജനുവരി 2017 | 29.09.2018 AN | 30.09.2018 AN |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

മായാ ജെ പള്ളിപ്പറമ്പിൽ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ.മാർ
4. എഡി. എ I വിഭാഗം
5. എഡി. സി I/II/III
6. ഫിനാൻസ് I/II
7. അസിസ്റ്റന്റ് രജിസ്ട്രാർ IV(ഫിനാൻസ്)
8. ഫിനാൻസ് കമ്പ്യൂട്ടർ സെൽ
9. ഓഡിറ്റ് V
10. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി.സർവ്വകലാശാല
11. പി.ആർ.ഒ. / സിറ്റാഡ്
12. കണ്ടന്റ് മാനേജ്മെന്റ്/ റെക്കോർഡ്സ് വിഭാഗങ്ങൾ
13. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 9620/AD C3/1/2019/ADMIN Approved by ASSISTANT REGISTRAR IV (ADMIN) on 05-Sep-2019 02:56 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം